## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2565 06.02.2018-ൽ മറുപടിയ്ക്ക്

## ഭരതർ, പരവൻ സമുദായം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എം. മുകേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭരതർ, പരവൻ സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ വിഭാഗത്തിനെ പട്ടികജാതി വിഭാഗത്തിനുള്ള വിദ്യാഭ്യാസ/ജോലി സംവരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഭരതർ, പരവൻ സമുദായത്തെ ക്രമ നം.12 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ടി വിഭാഗത്തിന് ലഭിയ്ക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സമുദായത്തിന്റെ സംസ്കാരം, പാരമ്പര്യം, പരമ്പരാഗത തൊഴിൽ മേഖല എന്നിവ സംബന്ധിച്ച വിഷയങ്ങൾ കിർത്താഡ്സ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പരിശോധിച്ചിട്ടുണ്ട്. ഭരതർ/പരവൻ സമുദായം കേരളത്തിലുടനീളമുള്ള സമുദായമാണ്. 2011-ലെ സെൻസസ് പ്രകാരം പരവൻ സമുദായത്തിന്റെ ജനസംഖ്യ 35120 ആണ്. സമുദായത്തിലെ സ്ത്രീകൾ പാരമ്പര്യമായി പ്രസവം എടുക്കുന്ന (Midwifery) ജോലിയിലും, പുരുഷന്മാർ ചുണ്ണാമ്പു നീറ്റലിലും (നൂറു നീറ്റൽ) ഏർപ്പെട്ടിരിക്കുന്നവരാണ്. ഹെർമ്മൻ ഗുണ്ടർട്ടിന്റെ 1876-ലെ രേഖപ്പെടുത്തലുകളിൽ ഇവരുടെ പാരമ്പര്യ തൊഴിൽ മരം കയറ്റം, കെട്ടിയാട്ടം, ബാധ ഒഴിപ്പിയ്ക്കൽ എന്നിവയാണെന്നും കാണുന്നു. |

സെക്ഷൻ ഓഫീസർ